## ദൈവത്തിന്റെ സ്വന്തം നാടിനെ
# നമ്മൾ വീണ്ടെടുക്കും




### കേരള നിയമസഭ തെരഞ്ഞെടുപ്പ് 2016
# എൻ.ഡി.എ വികസനരേഖ



# ദൈവത്തിന്റെ സ്വന്തം നാടിനെ നമ്മൾ വീണ്ടെടുക്കും

ഒരു മാതൃകാഭരണം എങ്ങനെയായിരിക്കണമെന്നും ഭരണകൂടത്തിന്റെ കർത്തവ്യങ്ങളും ആത്യന്ത്യക ലക്ഷ്യങ്ങളും എന്തൊക്കെയായിരിക്കണമെന്നും നമ്മുടെ ഭരണഘടനയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. മാർഗ്ഗനിർദ്ദേശക തത്വങ്ങളെന്ന പേരിൽ ഭരണഘടനയിൽ 36 മുതൽ 51 വരെയുള്ള ആർട്ടിക്കിളുകളിൽ പരാമർശിക്കപ്പെടുന്ന വിഷയങ്ങൾ എല്ലാ ഭരണകൂടങ്ങൾക്കും വഴികാട്ടിയാവേണ്ടതാണ്. ദൗർഭാഗ്യവശാൽ സ്വാതന്ത്ര്യം ലഭിച്ച് 69 വർഷങ്ങൾ പിന്നിട്ടിട്ടും ഭരണഘടനയിലെ ഈ നിർദ്ദേശങ്ങൾ സാക്ഷാത്കരിച്ച് സമ്പൂർണ്ണവും സമഗ്രവുമായ ഒരു വികസിത ദേശം പടുത്തുയർത്തുവാൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. സാമ്പത്തികവും, സാമൂഹികവുമായുള്ള അസമത്വങ്ങൾ പൂർണ്ണമായും ഇല്ലാതാക്കി മുഴുവൻ ജനങ്ങൾക്കും വികസനം സാധ്യമാക്കുന്ന ഒരു സാമൂഹിക സാമ്പത്തിക ക്രമം സൃഷ്ടിക്കുക എന്ന മാർഗ്ഗനിർദ്ദേശക തത്വങ്ങളിലെ ഒന്നാമത്തേതും പരമപ്രധാനവുമായ നിർദ്ദേശം പോലും അവഗണിക്കപ്പെട്ടു എന്നത് കടുത്ത അനീതിയാണ്.

നവോത്ഥാന രംഗത്തുണ്ടാക്കിയ വിപ്ലവകരമായ മുന്നേറ്റമാണ് കേരളത്തെ മറ്റു സംസ്ഥാനങ്ങളിൽനിന്നും വേറിട്ടു നിർത്തുന്നത്. അയ്യാ വൈകുണ്ഡസ്വാമികൾ, ശ്രീനാരായണ ഗുരുദേവൻ, ചട്ടമ്പിസ്വാമികൾ, മഹാത്മാ അയ്യൻകാളി, പണ്ഡിറ്റ് കറുപ്പൻ, പൊയ്കയിൽ കുമാരഗുരുദേവൻ, വേലുക്കുട്ടി അരയൻ തുടങ്ങിയ നവോത്ഥാന നായകരുടെ മുഴുവൻ സാമൂഹിക പർഷ്കരണ പ്രവർത്തനങ്ങളുടെയും ആത്മാവ് തുല്യനീതി എന്ന സങ്കൽപ്പത്തിലും സമത്വമെന്ന ആശയത്തിലും അധിഷ്ഠിതമായിരുന്നു. ഡോ. ബാബാ സാഹിബ് അംബേദ്കറിന്റെ കയ്യൊപ്പു പതിഞ്ഞ ഭരണഘടനയിലെ മാർഗ്ഗനിർദ്ദേശക തത്വങ്ങളിലും ഇതേ വിഷയം പരമപ്രധാനമായി ഇടം പിടിച്ചത് യാദൃശ്ചികമാകാനിടയില്ല. മനുഷ്യരായിപ്പോലും പരിഗണിക്കപ്പെടാതിരുന്ന വലിയൊരു വിഭാഗം ജനങ്ങൾക്ക് വഴിനടക്കാനും വിദ്യാഭ്യാസത്തിനും സർവ്വോപരി അന്തസ്സായി ജീവിക്കാനുമുള്ള അവകാശങ്ങൾക്കുവേണ്ടി കേരളത്തിലെ നവോത്ഥാന നായകൻമാർ നടത്തിയ പരിശ്രമം ഒന്നുമാത്രമാണ് കേരളത്തിന്റെ സാമൂഹിക പുരോഗതിയ്ക്ക് കാരണം.

ഈ നവോത്ഥാന വിപ്ലവം അതിന്റെ ഉച്ചസ്ഥായിൽ നിൽക്കുന്ന സമയത്താണ് ഐക്യകേരള രൂപീകരണം സംഭവിക്കുന്നതും ഒരു ജനാധിപത്യ ഭരണകൂടം അധികാരത്തിലേറുന്നതും. സമത്വമെന്ന ആശയത്തിലേക്ക് കുടുതൽ മുന്നേറാൻ കഴിയുമായിരുന്ന ഒരവസരമായിരുന്നു അത്. ദൗർഭാക്യവശാൽ അധികാരം ജനസേവനത്തിനുവേണ്ടിയാണുള്ളതെന്ന അടിസ്ഥാനതത്വം മറന്ന ഇടതുവലതു മുന്നണികളുടെ കൈകളിലേയ്ക്കാണ് കേരളസംസ്ഥാന ഭരണത്തിന്റെ കടിഞ്ഞാൺ ചെന്നെത്തിയത്. കഴിഞ്ഞ 60 വർഷമായി നടക്കുന്ന ഇവരുടെ ഭര

ണത്തിൽ രാഷ്ട്രീയമായും സാമുദായികമായും സംഘടിപ്പിക്കപ്പെട്ട ജനവിഭാഗങ്ങളുടെ താത്പര്യങ്ങൾ മാത്രമാണ് സംരക്ഷിക്കപ്പെട്ടത്. ഇക്കാലത്തിനിടയ്ക്ക് കേരളത്തിലെ പിന്നോക്ക ദളിത് ജനവിഭാഗങ്ങൾ പൂർണ്ണമായും അവഗണിക്കപ്പെടുകയും ആദിവാസി സമൂഹം വംശനാശത്തിന്റെ വക്കിലെത്തുകയും ചെയ്തു. ഇവർക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതികൾ കേവലം കടലാസിലൊതുങ്ങിയപ്പോൾ മറ്റു ചില ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായും അംഗീകരിക്കപ്പെടുകയും ആനുകൂല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളും കൃത്യമായും നടപ്പിലാവുകയും ചെയ്തു. ചുരുക്കത്തിൽ തുല്യനീതി എന്ന ആശയം തന്നെ അട്ടിമറിക്കപ്പെട്ടു.

ഈ അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം കാണുകയെന്നതാണ് എൻ.ഡി.എ.യുടെ പരമപ്രധാന ലക്ഷ്യം. കാലങ്ങളായി അവഗണനയേറ്റുകിടക്കുന്ന കേരളത്തിലെ 70 ലക്ഷത്തോളം വരുന്ന ജനവിഭാഗങ്ങളെ 5 വർഷത്തിനുള്ളിൽ മുഖ്യധാരയിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിരിക്കുന്ന കർമ്മ പരിപാടികളാണ് ഈ വികസനരേഖയുടെ ആത്മാവ്.

കേരള സംസ്ഥാനം ഇടതു വലതു മുന്നണികളുടെ കൈകളിലേക്ക് എത്തുന്നതിനു മുമ്പ് സമസ്ത മേഖലകളിലും ഭാരതത്തിൽ കേരളം ഒന്നാമതായിരുന്നു. വിദ്യാഭ്യാസ നിലവാരത്തിലും, ആരോഗ്യ വികസന സൂചികകളിലും, ഗതാഗത സൗകര്യങ്ങളിലും കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലും കേരളത്തിന്റെ മാനുഷികവികസന സൂചികകൾ താരതമ്യം ചെയ്യപ്പെട്ടത് വിദേശരാജ്യങ്ങളോടുമായിരുന്നു.

എന്നാൽ 60 വർഷത്തെ ഇടതു വലതു മുന്നണികളുടെ ഭരണത്തിന്റെ ബാക്കിപത്രമായി ഇന്നവശേഷിക്കുന്നത് സംസ്ഥാനത്തെ വിഴുങ്ങാൻ തക്കപാകത്തിലുള്ള ഒന്നരലക്ഷം കോടിരൂപയുടെ കടവും, ജനങ്ങളെ ശ്വാസംമുട്ടിക്കുന്ന വിലക്കയറ്റവും, ഉയർന്ന ആരോഗ്യ പരിപാലന ചെലവും, തകർന്നടിഞ്ഞ വിദ്യാഭ്യാസ മേഖലയും പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളും, രാജ്യത്ത് ഏറ്റവും ഉയർന്ന തൊഴിലില്ലായ്മാ നിരക്കും, ഏറ്റവും കുറഞ്ഞ കാർഷികാവളർച്ചയുമൊക്കെയാണ്. ഈ പ്രശ്നങ്ങൾക്കെല്ലാം 5 വർഷത്തിനുള്ളിൽ പരിഹാരം കാണാമെന്ന കപടവാഗ്ദാനവുമായാണ് ഇടതുവലതു മുന്നണികൾ ഈ തെരഞ്ഞെടുപ്പിനെ നേരിടുന്നത്. ഒരു അവസരംകൂടി തന്നാൽ എല്ലാം ശരിയാക്കാമെന്ന് പറയുന്ന ഇവർ കഴിഞ്ഞ 60 വർഷം എന്തു ചെയ്യുകയായിരുന്ന എന്ന ചോദ്യത്തിന് ഇവർക്ക് ഉത്തരമില്ല.

കേരളത്തിന്റെ ഈ ദുരവസ്ഥയ്ക്ക് മാറ്റം വരുത്തണമെന്ന ദൃഢനിശ്ചയത്തോടെയാണ് എൻ.ഡി.എ ഈ തിരഞ്ഞെടുപ്പിനെ നേരിടുന്നത്. ഏതൊരു മാതൃകാ വികസന പദ്ധതിയുടെയും അടിസ്ഥാനം നാലു പ്രവർത്തനങ്ങളിലാണ്. വികസന പ്രശ്നങ്ങൾ തിരിച്ചറിയുക, പഠിക്കുക, പരിഹാരമാർഗ്ഗം കണ്ടെത്തി നടപ്പിലാക്കുക, അത് പരിപാലിക്കുക. ഈ ഒരു നയം ആധാരമാക്കി കേരളത്തിന്റെ സമ്പൂർണ്ണവും സമഗ്രവുമായ വികസനം സാധ്യമാക്കുവാനുള്ള പദ്ധതികൾ ഈ വികസന രേഖയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

ഇ് വെറും തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളല്ല. മറിച്ച് എൻ.ഡി.എ കേരളഭരണത്തിലെത്തിയാൽ ഈ വികസനരേഖയുടെ അടിസ്ഥാനത്തിലായിരിക്കും വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുക. പ്രായോഗികമല്ലാത്ത ഒരു പദ്ധതിയും ഇവിടെ പ്രതിപാതിച്ചിട്ടില്ല. എൻ.ഡി.എ ഭരണത്തിലിരിക്കുന്ന സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ പദ്ധതികൾ കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി പുനസംഘടിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഒപ്പം ചില പുതിയ പദ്ധതികളും.

സമസ്ത മേഖലകളുടെയും സമ്പൂർണ്ണവികസനം സാധ്യമാക്കി ഭാരതത്തെ വിശ്വഗുരു സ്ഥാനത്തേയ്ക്ക് ഉയർത്തുവാനുള്ള ഒട്ടനവധി സ്വപ്നപദ്ധതികൾ മോദി സർക്കാർ ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതികൾ ആത്മാർത്ഥതയോടെ നടപ്പിലാക്കി അവയുടെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ വികസനത്തിൽ രാഷ്ട്രീയ കലർത്തുന്ന ഇടതുവലതുമുന്നണികൾക്ക് സാധിക്കില്ല. നാം പിന്നോട്ടുപോയ 60 വർഷം വീണ്ടെടുത്ത് കേരളത്തിന്റെ സമഗ്രവികസനം സാധ്യമാക്കാൻ എൻ.ഡി.യെ ആവശ്യപ്പെടുന്നത് കേവലം 5 വർഷങ്ങളാണ്. ഇതിന് അവസരം നൽകേണ്ടത് കേരളത്തിനെ പ്രബുദ്ധരായ ജനങ്ങളാണ്. ഈ വികസനരേഖയിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ പ്രാവർത്തികമാക്കാൻ നിങ്ങളുടെ വിലയേറിയ വോട്ടുകൾ നൽകി എൻ.ഡി.എ. യെ അനുഗ്രഹിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

സ്നേഹാദരപൂർവ്വം
എൻ.ഡി.എ വികസനരേഖാ സമിതി

# പത്തിന കർമ്മ പരിപാടി

സംസ്ഥാനം രൂപീകരിച്ച് 60 വർഷമായിട്ടും കേരളത്തിലെ 70 ലക്ഷം ജനങ്ങൾ ഇന്നും പിന്നോക്കാവസ്ഥയിൽ തന്നെ തുടരുകയാണ്. അടിസ്ഥാനസൗകര്യങ്ങളായ ഭൂമിയും പാർപ്പിടവും കുടിവെള്ളവും പോലും നിഷേധിക്കപ്പെട്ട ഈ ജനതയ്ക്ക് വികസനം സാധ്യമാകാതെ എത്ര വൻകിട പദ്ധതികൾ ആവിഷ്കരിച്ചിട്ടും കാര്യമില്ല. ഈ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ട് കൊണ്ട് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കേരളത്തിലെ മുഴുവൻ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെയും 5 വർഷത്തിനുള്ളിൽ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു പത്തിന കർമ്മ പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നു.

## 1 രണ്ടാം ഭൂപരിഷ്ക്കരണം

- കേരളത്തിലെ മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും 2 വർഷത്തിനുള്ളിൽ ഭൂമി ലഭ്യമാക്കുന്ന തരത്തിൽ രണ്ടാം ഭൂപരിഷ്ക്കരണം നടപ്പിലാക്കും.
- പഞ്ചായത്ത് പരിധിയിൽ 20 സെന്റും, മുനിസിപ്പാലിറ്റികളിൽ 10 സെന്റും, കോർപ്പറേഷനുകളിൽ 5 സെന്റും ഭൂമി വീതം വിതരണം ചെയ്യും.
- ഇതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനായി സർക്കാർ അധികാരം ഏറ്റ് 6 മാസത്തിനുള്ളിൽ ലാൻഡ് ബാങ്ക് പദ്ധതി പൂർത്തിയാക്കും.
- പാട്ടക്കാലാവധി കഴിഞ്ഞ 60,000 ഏക്കർ ഭൂമിയും സർക്കാർ ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യും.

## 2 ശ്രീ നാരായണ ഗുരു പാർപ്പിട പദ്ധതി

- കേരളത്തിലെ മുഴുവൻ ഭവനരഹിതർക്കും, ജീർണ്ണാവസ്ഥയിലുള്ള വീടുകളിലും കഴിയുന്നവർക്കായി ശ്രീ നാരായണ ഗുരുദേവന്റെ പേരിൽ ഒരു പാർപ്പിട പദ്ധതി ആവിഷ്ക്കരിക്കും.
- 3 വർഷത്തിനുള്ളിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കുക എന്നതാണ് ലക്ഷ്യം.
- ഒരു വീടിന് 5 ലക്ഷം രൂപയും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് 150 തൊഴിൽ ദിനങ്ങളും ലഭ്യമാക്കും.

## 3 ആദിവാസി യുവാക്കൾക്ക് ഗവൺമെന്റ് ജോലി

- പത്താം ക്ലാസ് പാസായ തൊഴിൽ രഹിതരായ മുഴുവൻ ആദിവാസി യുവാക്കൾക്കും സർക്കാർ ജോലി നൽകും.
- 5 വർഷം കൊണ്ട് മുഴുവൻ ആദിവാസി കുടുംബങ്ങളിലേയും ഒരാൾക്കെങ്കിലും ഗവൺമെന്റ് ജോലി ഉറപ്പാക്കും.
- 5 വർഷത്തിനുള്ളിൽ ആദിവാസി സമൂഹത്തിനിടയിൽനിന്നും 1000 എഞ്ചിനിയർമാർ, 500 അദ്ധ്യാപകർ, 100 ഡോക്ടർമാർ, 50 സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവരെ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു സമഗ്ര കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിൽവരുത്തും.

## 4 പലിശ രഹിത കാർഷിക വായ്പ

- മധ്യപ്രദേശ് മാതൃകയിൽ കർഷകർക്ക് 3 ലക്ഷം രൂപയുടെ പലിശ രഹിത കാർഷിക വായ്പ.
- ഇതിനായി കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കും.

## 5 തീരദേശ മേഖലയ്ക്ക് 10,000 കോടിയുടെ പാക്കേജ്

- കേന്ദ്ര സർക്കാരുമായി സഹകരിച്ച് തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനും മത്സ്യത്തൊഴിലാളി ക്ഷേമത്തിനുമായി 10,000 കോടി രൂപയുടെ പാക്കേജ്.
- ട്രോളിംഗ് നിരോധന ധനസഹായം 2,700 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിക്കും.

## 6 ഒരു ലക്ഷം ചെറുകിട വ്യവസായ സംരഭങ്ങൾ

- കേന്ദ്ര ഗവൺമെന്റിന്റെ മുദ്രാ പദ്ധതിയുമായി സഹകരിച്ച് ഒരു ലക്ഷം ചെറുകിട വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിനായി യുവാക്കൾക്ക് യാതൊരു ഈടുമില്ലാതെ 10 ലക്ഷം രൂപ വരെ വായ്പ.
- സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾക്കായി 1,000 കോടി രൂപ. ഓരോ വർഷവും 200 സ്റ്റാർട്ട് അപ്പുകൾ.

## 7 പരമ്പരാഗത വ്യവസായ – തൊഴിൽ മേഖലയ്ക്കായി 10,000 കോടി രൂപയുടെ പാക്കേജ്.

- കേന്ദ്ര സർക്കാരുമായി സഹകരിച്ച് പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, ആറന്മുള കണ്ണാടി തുടങ്ങിയ മേഖലകളുടെ പുനരുജ്ജീവനത്തിനും വികസനത്തിനുമായി 10,000 കോടിയുടെ പ്രത്യേക പാക്കേജ്.
- കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾക്കായി ബ്രാൻഡ് കേരള എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കുകയും ദേശീയ അന്തർദ്ദേശീയ വിപണിയിൽ പരമ്പരാഗത വ്യാവസായികോല്പന്നങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യും.
- പരമ്പരാഗത തൊഴിൽ മേഖലകളായ ആശാരിപ്പണി, കൊല്ലപ്പണി, സ്വർണ്ണപ്പണി, വാർക്കപ്പണി, മൺപ്പാത്ര നിർമ്മാണം തുടങ്ങിയവയുടെ സംരക്ഷണത്തിനായും പ്രത്യേക പാക്കേജ് നടപ്പിലാക്കും.

## 8 മന്നം സ്കോളർഷിപ്പ്

- ജാതി മത ഭേദമന്യേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഭാരത കേസരി മന്നത്ത് പത്മനാഭന്റെ പേരിൽ സ്കോളർഷിപ്പ് പദ്ധതി.
- കോളേജ് വിദ്യാർത്ഥികൾക്ക് 36,000 രൂപയും, ഹൈസ്കൂൾ +2 വിദ്യാർത്ഥികൾക്ക് 24,000 രൂപയും, യു.പി.വിദ്യാർത്ഥികൾക്ക് 12,000 രൂപയും, എൽ.പി. വിദ്യാർത്ഥികൾക്ക് 6000 രൂപയും വാർഷിക സ്കോളർഷിപ്പ്

## 9 24 മണിക്കൂറും മുടങ്ങാതെ കുടിവെള്ളം.

- ഒരു വർഷത്തിനുള്ളിൽതന്നെ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും 24 മണിക്കൂറും മുടങ്ങാതെയുള്ള കുടിവെള്ളം ഉറപ്പാക്കും.
- ഇതിനായി മുടങ്ങിക്കിടക്കുന്ന മുഴുവൻ കുടിവെള്ള പദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കും.
- 5 വർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ ജലസ്രോതസ്സുകളേയും സംരക്ഷിക്കുവാനും പുനരുജ്ജീവിപ്പിക്കാനുമായി കേന്ദ്ര സഹായത്തോടെ ഒരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കും.

## 10 ചേരി രഹിത കേരളം

- ചേരിരഹിത കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി രണ്ടുവർഷത്തിനുള്ളിൽ പൂർണ്ണമായും ഗവൺമെന്റ് ഫണ്ടിംഗോടുകൂടി 10000 ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കും
- 24 മണിക്കൂർ കുടിവെള്ളം, പാചകവാതക പൈപ്പ് ലൈൻ, പ്രാഥമികാരോഗ്യ കേന്ദ്രം, സ്വയംതൊഴിൽ സംരംഭങ്ങൾ, വ്യായാമശാല എന്നിവ ഉൾപ്പെടുന്ന മിനി ടൗൺഷിപ്പുകളാക്കി ചേരികളെ മാറ്റും.



# കാർഷികം

**കൃഷിചിലവ് കുറയ്ക്കുക, കർഷകരുടെ വരുമാനവും, കാർഷികോത്പാദനവും കൂട്ടുക, കാർഷികോൽപ്പന്ന വിപണനത്തിൽ കർഷകർക്ക് ഉയർന്ന പങ്കാളിത്തം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കും**

### 1. കാർഷിക ബഡ്ജറ്റ്

- കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധനം, കാർഷിക വ്യവസായം എന്നിവ ഉൾപ്പെടുത്തി റെയിൽവേ ബഡ്ജറ്റ് മാതൃകയിൽ കാർഷിക ബജറ്റ് ഏർപ്പെടുത്തും.

### 2. പലിശ രഹിത കാർഷിക വായ്പ: –

- മധ്യപ്രദേശ് മാതൃകയിൽ കർഷകർക്ക് 3 ലക്ഷം രൂപയുടെ പലിശ രഹിത കാർഷിക വായ്പ.
- ഇതിനായി സഹകരണ ബാങ്കുകളുമായി സഹകരിച്ച് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പിലാക്കും.

### 3. സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി: –

- കേന്ദ്ര സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയുമായി സഹകരിച്ച് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും. 2 ശതമാനം മാത്രം പ്രീമിയം അടച്ചാൽ ഭാഗിക മായോ, പൂർണ്ണമായോ വിളനാശം സംഭവിച്ചാൽ മുഴുവൻ തുകയും ലഭിക്കുന്നു.

### 4. നെൽ കൃഷിക്ക് പ്രത്യേക പാക്കേജ്: –

- അഞ്ചുവർഷംകൊണ്ട് നെല്ലുൽപ്പാദനം 12 ലക്ഷം ടണ്ണായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി നെൽകൃഷിക്കായി പ്രത്യേക പാക്കേജ് അവതരിപ്പിക്കും.
- കുട്ടനാടും, പാലക്കാടും അത്യാധുനിക രീതിയിലുള്ള റൈസ് പാർക്കുകൾ സ്ഥാപിക്കും.
- സെറ്റോകോ–സീറോ ബഡ്ജറ്റ് ഫാർമിംഗ് കൃഷിരീതികൾക്ക് പ്രോത്സാഹനം നൽകും.
- തൃശ്ശൂരിലെ കോൾ നിലങ്ങളേയും പൊക്കാളി പാടശേഖരങ്ങളുടേയും സംരക്ഷണത്തി നായി പ്രത്യേക പദ്ധതി ആവിഷ്കരിക്കും.

- കുട്ടനാട് പാക്കേജ് ഫലപ്രദമായി നടപ്പിലാക്കും..
- 2008 നു ശേഷം നികത്തിയ പാടശേഖരങ്ങൾ പൂർവ്വസ്ഥിതിയിലാക്കും.
- നെല്ലിന്റെ സംഭരണ വില ഉയർത്തും.

**5. നാളികേര വികസനം: –**

- നാളികേര കൃഷിയുടെ സംരക്ഷണത്തിനും, വികസനത്തിനുമായി പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- നാളികേര കൃഷി ലാഭകരമാക്കാൻ തെങ്ങിൽ നിന്നും തേങ്ങയിൽ നിന്നുമുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കും. ഇതിനായി സംസ്ഥാനത്തൊട്ടാകെ 25 നാളികേര പാർക്കുകൾ ആരംഭിക്കും.

**6. കാർഷിക വിപണി: –**

- ഇടനിലക്കാരെ ഒഴിവാക്കി കൊണ്ട് കാർഷികോത്പന്നങ്ങൾക്ക് ഏറ്റവും ഉയർന്ന വില ലഭിക്കുവാൻ സംസ്ഥാനമൊട്ടാകെ കാർഷിക ഓപ്പൺമാർക്കറ്റുകൾ സ്ഥാപിക്കും.

**7. കാർഷിക വിലസ്ഥിരതാ ഫണ്ട്: –**

- കാർഷികോൽപ്പന്നങ്ങൾക്ക്  വിലത്തകർച്ച ഒഴിവാക്കുവാനായി 1,000 കോടി രൂപയുടെ കാർഷിക വിലസ്ഥിരതാഫണ്ട്.
- കേന്ദ്ര സർക്കാരുമായി സഹകരിച്ച് റബ്ബറിന് കുറഞ്ഞത് 150 രൂപയെങ്കിലും ഉറപ്പു വരുത്താനുള്ള പദ്ധതികൾ നടപ്പിലാക്കും.

**8. ജൈവകൃഷി:**

- കേരളസംസ്ഥാന ജൈവകൃഷി നയം അക്ഷരത്തിലും സാരത്തിലും നടപ്പിലാക്കും. എല്ലാ ഭക്ഷ്യ വിളകളേയും 4 വർഷത്തിനകവും, നാണ്യ വിളകൾ 8 വർഷത്തിനകവും പൂർണ്ണമായും ജൈവകൃഷിയാക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കും.
- ജൈവ പച്ചക്കറി കൃഷി ഒന്നര ലക്ഷം ഹെക്ടറിലേയ്ക്ക് വ്യാപിപ്പിക്കും. സർക്കാരിനു കീഴിലുള്ള തരിശു ഭൂമിയിൽ ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കും.
- ജൈവ കർഷകരുടെ മൊത്തം കൃഷി ചെലവിന്റെ 50 ശതമാനം സർക്കാർ സബ്സിഡിയായി നൽകും. പച്ചക്കറി സംഭരണത്തിനും വിതരണത്തിനും ഹോർട്ടികോർപ്പിനെ മിൽമാ മാതൃകയിൽ പുനസംഘടിപ്പിക്കും.
- വയനാടിനെ ജൈവ കാർഷിക ഹബ്ബാക്കി മാറ്റും.

**9. ആയിരം ക്ഷീര ഗ്രാമങ്ങൾ:**

- സംസ്ഥാനത്തൊട്ടാകെ ആയിരം ക്ഷീര ഗ്രാമങ്ങൾ നടപ്പിലാക്കും.
- ഓരോ ക്ഷീര ഗ്രാമങ്ങളിലും 100 ഫാമുകളാരംഭിക്കാനുള്ള ധനസഹായം നൽകും.
- ഈ പദ്ധതിയിൽ സ്ത്രീകൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മുൻഗണന നൽകും.
- എല്ലാ ജില്ലകളിലും പാലിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കും.
- ക്ഷീര കർഷകർക്ക് പാലിന്റെ വിലയനുസരിച്ച് ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നൽകും.



# തീരദേശം

**തീരദേശ മേഖലയുടെ സമഗ്ര അടിസ്ഥാന സൗകര്യ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരുമായി സഹകരിച്ച് 10000 കോടി രൂപയുടെ തീരദേശ വികസന പാക്കേജ് ആവിഷ്കരിക്കുകയും ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കുകയും ചെയ്യും.**

### 1. കടാശ്വാസം

- പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി എടുത്ത മുഴുവൻ കടങ്ങളും എഴുതിത്തള്ളും.
- മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം 10 ലക്ഷം രൂപയായി ഉയർത്തും.

### 2. ട്രോളിംഗ് നിരോധന ധനസഹായം 10,000 രൂപ

- ട്രോളിംഗ് നിരോധന ധനസഹായം 2,700 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിക്കും.

### 3. മത്സ്യത്തൊഴിലാളി പെൻഷൻ 2000 രൂപ

- മത്സ്യത്തൊഴിലാളി പെൻഷൻ 2000 രൂപയായി ഉയർത്തും.

### 4. മത്സ്യവിപണിയിൽ കൂടുതൽ പങ്കാളിത്തം


- മത്സ്യ വിപണിയിൽ മത്സ്യത്തൊഴിലാളി പങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

### 5. അടിസ്ഥാന സൗകര്യ വികസനം

- തീരദേശ മേഖലക്കായി പ്രത്യേക കുടിവെള്ള പദ്ധതി ആവിഷ്കരിക്കും.
- കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ കടൽ ഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കും.
- പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആധുനിക മത്സ്യബന്ധനത്തിനുള്ള പരിശീലനവും ധനസഹായവും നൽകും.
- മത്സ്യ സമ്പത്തിലൂടെ വിദേശനാണ്യം നേടിത്തരുന്ന രീതിയിൽ കടൽമത്സ്യ സംസ്കരണത്തിനും, വിപണനത്തിനും ആധുനിക വ്യവസായ യൂണിറ്റുകൾ ആരംഭിക്കും.

### 6. ഉൾനാടൻ മത്സ്യ ബന്ധനം

ഉൾനാടൻ ജലാശയങ്ങളുടമായി ബന്ധപ്പെട്ട മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും വിപണി കണ്ടെത്തുന്നതിനും പ്രത്യേക സംരംഭം ഒരുക്കും.



# വ്യവസായം

**കേരളത്തെ ഒരു വ്യവസായിക സൗഹൃദ സംസ്ഥാനമാക്കിമാറ്റുക, പൊതുമേഖലാ സ്ഥാപനങ്ങളുടെയും, പരമ്പരാഗത വ്യവസായ മേഖലയുടെയും പുനരുജ്ജീവനം, സമഗ്രവികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കും.**

## സിംഗിൾ വിൻഡോ ക്ലിയറൻസ്

- കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കും. 30 ദിവസത്തിനുള്ളിൽ മുഴുവൻ വ്യവസായാനുമതിയും ലഭ്യമാക്കുന്ന തരത്തിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം നടപ്പിലാക്കും.

## പൊതുമേഖലാ സ്ഥാപനങ്ങൾ:

- അടച്ചു പൂട്ടിയ മുഴുവൻ പൊതു മേഖലാ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കുകയും 2 വർഷത്തിനുള്ളിൽ അവയെ ലാഭത്തിലെത്തിക്കുവാനുമുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും.
- സംസ്ഥാന വരുമാനത്തിലേക്കുള്ള പൊതുമേഖലയുടെ വിഹിതം 8 ശതമാനമായി വർദ്ധിപ്പിക്കും.

### കെ.എസ്. ആർ. ടി. സി യ്ക്ക് പ്രത്യേക സാമ്പത്തിക പാക്കേജ്

കെഎസ്ആർടിസിയെ പൂർണ്ണമായി ഉടച്ചുവാർക്കുകയും മൂന്ന് വർഷത്തിനുള്ളിൽ ലാഭത്തിലെത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു പ്രത്യേക സാമ്പത്തിക- പുനരുജ്ജീവന പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യും.

## പരമ്പരാഗത വ്യവസായങ്ങൾ:

- കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവി മേഖലകളുടെ പുനരുജ്ജീവനത്തിനായി 10,000 കോടി രൂപയുടെ പ്രത്യേക പാക്കേജ് അവതരിപ്പിക്കുകയും അവയെ ബ്രാൻഡ് കേരള എന്ന പേരിൽ വികസിപ്പിക്കുകയും ചെയ്യും.
- പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനും, ഉന്നമനത്തിനുമായി പ്രത്യേക വകുപ്പ് തന്നെ രൂപീകരിക്കും.
- കൈത്തറി, ഖാദി മേഖലകളുടെ പ്രോത്സാഹനത്തിന് സ്കൂൾ, സർക്കാർ യൂണിഫോമുകൾ ഖാദി, കൈത്തറി തുണിയിൽ നിർബന്ധമാക്കും.

## ഐ.ടി:

- കേരളത്തെ രാജ്യത്തിന്റെ ഐ.ടി തലസ്ഥാനമാക്കി മാറ്റുവാനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കും.
- കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം നഗരങ്ങളെ ബാംഗ്ളൂർ, ഹൈദരാബാദ് മാതൃകയിൽ സൈബർ സിറ്റികളായി വികസിപ്പിക്കും.
- എല്ലാ ജില്ലകളിലും 5 വർഷത്തിനുള്ളിൽ ഐ.ടി പാർക്കുകൾ ആരംഭിക്കും.



# തൊഴിൽ

**കേരളത്തിലെ മുഴുവൻ യുവാക്കൾക്കും അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് അന്തസ്സാർന്ന തൊഴിൽ ലഭ്യമാക്കുക എന്നത് എൻ.ഡി.എ ഗവൺമെന്റിന്റെ പ്രാഥമിക കർത്തവ്യങ്ങളിലൊന്നായി കണ്ട് 5 വർഷം കൊണ്ട് 20 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.**

### ഒരു ലക്ഷം ചെറുകിട വ്യവസായ സംരംഭങ്ങൾ:–

കേന്ദ്ര ഗവൺമെന്റിന്റെ മുദ്രാ പദ്ധതിയുമായി സഹകരിച്ച് ഒരു ലക്ഷം ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി യുവാക്കൾക്ക് യാതൊരു ഈടുമില്ലാതെ 10 ലക്ഷം രൂപ വരെ വായ്പ.

### 1000 സ്റ്റാർട്ട്അപ്പുകൾ:–

- കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റാർട്ട് അപ്പ് ഇന്ത്യാ പദ്ധതിയുമായി സഹകരിച്ച് കേരളത്തിൽ 5 വർഷത്തിനുള്ളിൽ 1,000 സ്റ്റാർട്ട് അപ്പുകൾ. സ്റ്റാർട്ട് അപ്പുകൾക്ക് വേണ്ട സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഒരു കോടി രൂപ വരെ സബ്സിഡിയും സർക്കാർ നൽകും.

### സ്റ്റാർട്ട്അപ്പ് വില്ലേജുകൾ

- ഈ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും സ്റ്റാർട്ടപ്പ് വില്ലേജുകൾ ആരംഭിക്കും.

### നേതാജി യുവ വികാസ് കേന്ദ്രങ്ങൾ:–

- കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നേതാജി യുവ വികാസ് കേന്ദ്ര എന്ന പേരിൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകളായി വികസിപ്പിക്കും. 5 വർഷത്തിനുള്ളിൽ 10 ലക്ഷം പേർക്ക് നൈപുണ്യ വികസന പരിശീലനം നൽകും.

### ഷാർപ്പനിംഗ് ദി എഡ്ജ് പ്രോഗ്രാം.

എഞ്ചിനീയറിംഗ്, പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്കായി ഐ.ഐ.ടിയുമായി സഹകരിച്ച് എല്ലാ ജില്ലകളിലും ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ച് ഷാർപ്പനിംഗ് ദി എഡ്ജ് പ്രോഗ്രാം.

### ആഗോള തൊഴിൽ സംഗമങ്ങൾ:–

- എല്ലാ വർഷവും സർക്കാർ നേതൃത്വത്തിൽ 10 ദിവസം നീണ്ടുനിൽക്കുന്ന ആഗോള തൊഴിൽ സംഗമങ്ങൾ സംഘടിപ്പിക്കും.
- ഓരോ മേളയിലൂടെയും കുറഞ്ഞത് 50000 പേർക്ക് ഒറ്റയടിക്ക് തൊഴിൽ ലഭ്യമാക്കും.

### മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ:–

- എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീയുമായി സഹകരിച്ച് ചക്ക,മാങ്ങ, കശുമാങ്ങ തുടങ്ങിയവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ. ഇതു വഴി വീട്ടമ്മമാരായ സ്ത്രീകൾക്ക് തൊഴിൽ ഉറപ്പാക്കും.
- ഓരോ യൂണിറ്റുവഴിയും 250 വീട്ടമ്മമാരായ സ്ത്രീകൾക്ക് തൊഴിൽ ഉറപ്പാക്കും.

### ചെറുകിട വ്യാപാരമേഖല

- വൻകിട മൊത്തവ്യാപാരികളിൽനിന്നും ചെറുകിട ഇടത്തരം വ്യാപാരികളെ രക്ഷിക്കേണ്ടത് ആവശ്യമാണ്. ഇത്തരം വ്യാപാരികൾ അടയ്ക്കേണ്ട വിൽപ്പന നികുതി അവർക്ക് തന്നെ പലിശയില്ലാ വായ്പയായി നൽകുന്ന 1982–83 ലെ ബജറ്റ് നിർദ്ദേശം നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കും.
- ചെറുകിട വ്യാപാരികളുടെയും തൊഴിലാളികളുടെയും ക്ഷേമത്തിനായി ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കും.

### തൊഴിലാളി ക്ഷേമ പദ്ധതികൾ: –

- ചുമട്ടു തൊഴിലാളികൾ, ഡ്രൈവർമാർ തുടങ്ങിയവർക്കായി നഗരങ്ങളിൽ പൂർണ്ണ സൗകര്യങ്ങളോടുകൂടിയ വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- കേന്ദ്ര സർക്കാരിന്റെ സ്വച്ഛ് ഭാരത് പദ്ധതിയുമായി ചേർന്ന് ശുചീകരണ തൊഴിലാളികൾക്കായി മാസത്തിലൊരിക്കൽ പ്രത്യേക മെഡിക്കൽ ക്യാംപ്.

### ഇ.എസ്.ഐ പദ്ധതി

- പാചക വാതക തൊഴിലാളികൾ, കർഷക തൊഴിലാളികൾ, വീട്ടുജോലിക്കാർ, ചെറുകിട വ്യാപാരസ്ഥാപനങ്ങളിലെ തൊഴിലാളികൾ, ഹോം നഴ്സ് എന്നിവർക്കും ഇഎസ്ഐ പദ്ധതി ഏർപ്പെടുത്തും.
- നഴ്സുമാരുടെ കുറഞ്ഞ ശമ്പളം 20,000 രൂപയാക്കി ഉയർത്തും. ഹോസ്പിറ്റലുകളിൽ ത്രീ ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കും.

### തോട്ടം തൊഴിലാളികൾ

- തോട്ടം തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും.
- സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികളുടേയും മിനിമം കൂലി 500 രൂപയാക്കി വർദ്ധിപ്പിക്കും
- അസംഘടിത മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കും.

### പരമ്പരാഗത തൊഴിൽ മേഖല

- അന്യം നിന്നു പോകുന്ന പരമ്പരാഗത സ്വർണ്ണപണി, ഇരുമ്പു പണി, വാർക്കപ്പണി എന്നിവ നിലനിർത്തുന്നതിനും അത്തരം മേഖലയിലെ തൊഴിലാളികളെ പരിരക്ഷിക്കുന്നതിനും വേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.
- ഇരുമ്പു പണി, മരപ്പണി തൊഴിലാളികളെ തുല്യതാ പരീക്ഷ നടത്തി ഐ.ടി.ഐ സർട്ടിഫിക്കറ്റ് നൽകി കെ.എസ്.ആർ.ടി.സി പോലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിൽ തൊഴിലാളികളായി നിയമിക്കും
- കെ.എസ്.എഫ്.ഇ, സഹകരണ ബാങ്ക്, എന്നിവയിലെ അപ്രൈസർ ജോലി ചെയ്യുന്ന പരമ്പരാഗത സ്വർണ്ണ തൊഴിലാളികളെ ജീവനക്കാരായി പരിഗണിക്കാൻ നടപടി സ്വീകരിക്കും
- പരമ്പരാഗത സ്വർണ്ണ തൊഴിലാളികളുടെയും, എണ്ണയാട്ടുതൊഴിലാളികളായ ചക്കാല സമുദായത്തിന്റെയും തൊഴിൽ സംരക്ഷിക്കുന്നതിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കും.
- വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമൂഹമായി അംഗീകരിച്ച് പരമ്പരാഗത തൊഴിൽ വിഭാഗത്തിനുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിന്റെ ഭാഗമായി വിശ്വകർമ്മ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും അതിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് വിശ്വകർമ്മജരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്യും.



# വനിത ക്ഷേമം

**നാട് വികസിതവും പുരോഗമനാത്മകവും ആകുന്നത് അവിടുത്തെ സ്ത്രീകൾ ശാക്തീകരിക്കപ്പെടുമ്പോഴാണ്. വനിതാ ശാക്തീകരണത്തിനായി താഴെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.**

### സ്വാശ്രയ പദ്ധതികൾ:

- എല്ലാ പഞ്ചായത്തുകളിലും കുടുംബശ്രീ, സ്വാശ്രയ സംഘങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുമായി സഹകരിച്ച് ഉന്നത ഗുണനിലവാരമുള്ള ഭക്ഷ്യ-വിവിധോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കും. ഖാദി മാതൃകയിൽ ഇവയ്ക്ക് ബ്രാന്റ് നെയിം നൽകി വിവിധ ഏജൻസികൾവഴി വിതരണം ചെയ്യും.
- വീട്ടമ്മമാർക്ക് സീറോ ബഡ്ജറ്റ് ജൈവ പച്ചക്കറി കൃഷി, ടെറസ് കൃഷി, കോഴിവളർത്തൽ, പശുവളർത്തൽ എന്നിവയിൽ പ്രത്യേക പരിശീലനവും ധനസഹായവും നൽകും.

### 5,000 സ്ത്രീ സൗഹൃദ ടോയ്ലറ്റ് കോംപ്ലക്സുകൾ:

- കേരളമെമ്പാടും അത്യാധുനിക രീതിയിലുള്ള 5,000 സ്ത്രീ സൗഹൃദ ടോയ്ലറ്റ് കോംപ്ലക്സുകൾ. ഇവയിൽ സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീനുകളും ഡിസ്പോസിംഗ് യൂണിറ്റുകളും ഉണ്ടായിരിക്കും. ഇവയുടെ പരിപാലനം കുടുംബശ്രീയെ ഏൽപ്പിക്കും.
- എല്ലാ നഗരങ്ങളിലും വനിതകൾക്കായി ഷോർട്ട് സ്റ്റേ ഹോമുകൾ നടപ്പിലാക്കും.
- ഹോട്ടലുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, തീയേറ്ററുകൾ, പാർക്കുകൾ എന്നിവിടങ്ങളിൽ ടോയ്ലറ്റ് സംവിധാനം നിർബന്ധമാക്കും.
- എല്ലാ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, കോളേജുകൾ ഷോപ്പിംഗ് കോംപ്ലക്സുകൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കായി പ്രത്യേക മുറികൾ.

### സ്ത്രീ സുരക്ഷ:

- ട്രെയിനികളിൽ വനിതാ കംപാർട്ടുമെന്റുകൾ കൂട്ടുകയും അവയിൽ മുഴുവൻ സമയവും രണ്ട് ഗാർഡുമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യും.
- ചെറു നഗരങ്ങൾ ഉൾപ്പെടെ മുഴുവൻ നഗരങ്ങളും 24 മണിക്കൂർ വനിതാ എയ്ഡ് പോസ്റ്റുകൾ.
- വനിതാ ഹെൽപ്പ് ലൈൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കും. സ്ത്രീ സുരക്ഷക്കായി പ്രത്യേക മൊബൈൽ ആപ്പിക്കേഷൻ, നിരീക്ഷണ ക്യാമറകൾ എന്നീ സംവിധാനങ്ങളും നടപ്പിലാക്കും.
- സ്ത്രീ പീഢന കേസുകളിൽ 6 മാസത്തിനുള്ളിൽ അന്വേഷണവും വിചാരണയും പൂർത്തിയാക്കും. ഇതിനായി ജില്ലകളിൽ ഫാസ്റ്റ്ട്രാക് കോടതികൾ സ്ഥാപിക്കും.
- സ്ത്രീധന നിരോധന നിയമവും, ശൈശവ വിവാഹ നിരോധന നിയമവും കർശനമായി നടപ്പിലാക്കും.

# പട്ടികജാതി ക്ഷേമം

**കേരളത്തിലെ 35 ലക്ഷത്തോളം വരുന്ന പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിക്കും.**

## പട്ടിക വിഭാഗ വികസന നയം

പട്ടികജാതി– പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക ജീവിത നിലവാരത്തെക്കുറിച്ച് 2013-ൽ കില പ്രസിദ്ധീകരിച്ച സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികവിഭാഗങ്ങളുടെ പൊതുജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ അധികാരമേറ്റ് 3 മാസത്തിനുള്ളിൽ സമഗ്രമായ ഒരു പട്ടികവിഭാഗ വികസന നയം ആവിഷ്ക്കരിക്കും. ഈ നയത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പട്ടിക വിഭാഗങ്ങളുടെ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

## പട്ടികജാതി – പട്ടികവർഗ്ഗ കോർപ്പറേഷനുകൾ വേർതിരിക്കും

- പട്ടികജാതി - പട്ടിക വർഗ്ഗ കോർപ്പറേഷൻ വിഭജിച്ച് ആദിവാസികൾക്കും പട്ടികജാതിക്കാർക്കും പ്രത്യേകം കോർപ്പറേഷൻ സ്ഥാപിക്കും.

## അയ്യൻകാളി സാമൂഹിക വികസന കേന്ദ്രം:

- കേന്ദ്ര സാമൂഹിക ക്ഷേമ വകുപ്പുമായി സഹകരിച്ച് എല്ലാ പഞ്ചായത്തുകളിലും മഹാത്മാ അയ്യൻകാളിയുടെ പേരിൽ ഒരു സാമൂഹിക വികസന കേന്ദ്രം സ്ഥാപിക്കും.
- എസ്.സി. വിഭാഗങ്ങൾക്കായി ആസൂത്രണം ചെയ്തിട്ടുള്ള എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളും അർഹതപ്പെട്ടവരിലേക്ക് എത്തുന്നുവെന്ന് ഈ കേന്ദ്രം ഉറപ്പുവരുത്തും. വിവിധ പദ്ധതികൾക്കുള്ള അപേക്ഷ നൽകുന്നതു മുതൽ സഹായങ്ങൾ ലഭിക്കുന്നതുവരെയുള്ള മുഴുവൻ സഹായവും ഈ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കും.
- സ്പോർട്ട്സ് അതോരിട്ടി ഓഫ് ഇന്ത്യയുമായി സഹകരിച്ച് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കായിക പരിശീലന കേന്ദ്രവും ഇതിന്റെ ഭാഗമായി സജ്ജീകരിക്കും.
- സർക്കാർ ജോലി എന്ന സ്വപ്നം സാക്ഷാത്കരിക്കുവാനായി പൂർണ്ണമായി സൗജന്യമായി സർക്കാർ ബാങ്കിംഗ് ജോലികൾക്കുള്ള കോച്ചിംഗ് സെന്ററും ഈ കേന്ദ്രത്തിന്റെ ഭാഗമായിരിക്കും.

## ധനകാര്യ വികസന കോർപ്പറേഷൻ:

- പട്ടികജാതി വിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ സമഗ്ര ഉന്നമനം ലക്ഷ്യമിട്ട് നിലവിലുള്ള പിന്നോക്ക സമുദായ വികസന കോർപ്പറേഷനെ ഒരു ധനകാര്യ വികസന കോർപ്പറേഷനായി പുനസംഘടിപ്പിക്കുകയും 750 കോടി രൂപ വകയിരുത്തുകയും ചെയ്യും
- പട്ടികജാതി യുവാക്കൾക്ക് സ്വയം തൊഴിൽ-വ്യവസായ സംരംഭങ്ങൾക്കുള്ള ധനസഹായവും വളരെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാ പദ്ധതികളും ആവിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യും.

## പ്രീമെട്രിക് – പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ:

- പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അത്യാധുനിക രീതിയിൽ വികസിപ്പിക്കുകയും കൂടുതൽ ഹോസ്റ്റലുകൾ സ്ഥാപിക്കുകയും ചെയ്യും.
- എസ്.സി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് 3000 രൂപയാക്കി ഉയർത്തും.
- എസ്.സി. വിഭാഗം വിദ്യാർത്ഥികളെ കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ മുഖ്യധാരയിലെത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ

എല്ലാ ജില്ലകളിലും പട്ടികജാതി-പത്തികവർഗ്ഗ കോർപ്പറേഷന്റെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് അതിനെ, മാനേജ്മെന്റ് സംവിധാനത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് പങ്കാളിത്തം നൽകും.

### വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ

വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ നേടി പട്ടിക വിഭാഗങ്ങളുടെ അവസരങ്ങൾ തട്ടിയെടുക്കുന്ന സംഭവങ്ങൾ തടയാൻ ഉചിതമായ നടപടികൾ സ്വീകരിക്കും

# പിന്നോക്ക സമുദായ ക്ഷേമം

### പിന്നോക്ക സമുദായ കോർപ്പറേഷന് 1000 കോടി

- പിന്നോക്ക വിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ സമഗ്ര ഉന്നമനം ലക്ഷ്യമിട്ട് നിലവിലുള്ള പിന്നോക്ക സമുദായ വികസന കോർപ്പറേഷനെ ഒരു ധനകാര്യ വികസന കോർപ്പറേഷനായി പുനസംഘടിപ്പിക്കുകയും 1,000 കോടി രൂപ വകയിരുത്തുകയും ചെയ്യും

### കുറഞ്ഞ പലിശനിരക്കിൽ വായ്പ

- സ്വയംതൊഴിൽ, വിദ്യാഭ്യാസ, മൈക്രോഫിനാൻസ് വായ്പാപദ്ധതികൾക്കുള്ള പലിശ നിരക്ക് പകുതിയായി കുറയ്ക്കും.

# മുന്നോക്ക സമുദായ ക്ഷേമം

### മുന്നോക്ക സമുദായ കോർപ്പറേഷന് 500 കോടി


- മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമിട്ട് നിലവിലുള്ള മുന്നോക്ക സമുദായ വികസന കോർപ്പറേഷനെ ഒരു ധനകാര്യ വികസന കോർപ്പറേഷനായി പുനസംഘടിപ്പിക്കുകയും 500 കോടി രൂപ വകയിരുത്തുകയും ചെയ്യും

### കുറഞ്ഞ പലിശനിരക്കിൽ വായ്പ

- സ്വയംതൊഴിൽ, വിദ്യാഭ്യാസ, മൈക്രോഫിനാൻസ് വായ്പാപദ്ധതികൾക്കുള്ള പലിശ നിരക്ക് പകുതിയായി കുറയ്ക്കും.

# ന്യൂനപക്ഷ ക്ഷേമം

- നിലവിലുള്ള കേന്ദ്ര - സംസ്ഥാന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കും



# ആദിവാസി ക്ഷേമം

**ആദിവാസി ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും, ആരോഗ്യപരവും, സാമൂഹികപരവുമായ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.**

## കൃഷിഭൂമിയും വീടും

- കേരളത്തിലെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ കൃഷിഭൂമിയും മികച്ച സൗകര്യങ്ങളോടു കൂടിയ വീടും നൽകും. നിലവിൽ പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ പൂർത്തീകരിക്കാനുള്ള തുക നൽകും

•പട്ടിക വർഗ്ഗക്കാരുടെ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുകയും ഇപ്പോഴും തുടർന്ന് വരുന്ന കയ്യേറ്റക്കാരെ തടയുകയും ചെയ്യും.

## ആദിവാസി യുവാക്കൾക്ക് ഗവൺമെന്റ് ജോലി

- പത്താം ക്ലാസ് പാസായ തൊഴിൽ രഹിതരായ ആദിവാസി യുവാക്കൾക്കും ഗവൺമെന്റ് ജോലി നൽകും. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മുഴുവൻ ആദിവാസി കുടുംബങ്ങളിലെയും ഒരാൾക്കെങ്കിലും ഗവൺമെന്റ് ജോലി ഉറപ്പാക്കും.

## സ്വയംതൊഴിൽ സംരംഭങ്ങൾ

- ആദിവാസി യുവാക്കളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും സ്വയം തൊഴിൽ സംരംഭങ്ങൾക്കായി ഒരു ശതമാനം പലിശ നിരക്കിൽ യാതൊരു ഈടുമില്ലാതെ 25 ലക്ഷം രൂപവരെ ദീർഘകാല വായ്പ നൽകും.
- ആദിവാസി യുവാക്കൾക്ക് സൗജന്യ ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷാ വാങ്ങുവാനായി 1 ലക്ഷം രൂപ സൗജന്യ ധനസഹായം.

## സമഗ്രവിദ്യാഭ്യാസ പദ്ധതി

- 5 വർഷത്തിനുള്ളിൽ ആദിവാസി സമൂഹത്തിനിടയിൽനിന്നും 1000 എഞ്ചിനിയർമാർ, 500 അദ്ധ്യാപകർ, 100 ഡോക്ടർമാർ, 50 സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ എന്നിവരെ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു സമഗ്ര കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിൽവരുത്തും.
- ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുവാനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. ആദിവാസി വിദ്യാർത്ഥികളുടെ ലംസം ഗ്രാന്റും, സ്റ്റൈപ്പന്റും മിനിമം 3,000 രൂപ വീതമാക്കി വർദ്ധിപ്പിച്ച് ബാങ്ക് അക്കൗണ്ട് വഴി നൽകും.
- വിദേശ പഠനത്തിനാവശ്യമായ ധനസഹായം നൽകും.

### ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനം

- എല്ലാ ആദിവാസി സെറ്റിൽമെന്റുകളിലേക്കുമുള്ള റോഡുകൾ ടാർ/ കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കും.
- അടിസ്ഥാന സൗകര്യമില്ലാത്ത മുഴുവൻ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലും അംഗൻവാടികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും സ്ഥാപിക്കും.
- പട്ടിക വർഗ്ഗ മേഖലകളിൽ വരുന്ന എം.എൽ.എ, ജില്ലാ കളക്ടർ, രജിസ്റ്റേർഡ് ഓഫീസർ എന്നിവരടങ്ങുന്ന മോണിറ്ററിംഗ് ബോഡി രൂപീകരിച്ച് പട്ടിക വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.

### മറ്റു പദ്ധതികൾ

- കേന്ദ്ര വനാവകാശ നിയമവും പെസ ആക്ടും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കും.

  ആദിവാസി മേഖലയെ 5-ാം പട്ടികയിൽ ഉൾപ്പെടുത്തും
- ആദിവാസികൾക്കിടയിലെ മദ്യപാന ശീലം ഇല്ലാതാക്കുവാൻ പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കും.
- വയനാട്ടിൽ ആദിവാസി പാരമ്പര്യ ചികിത്സ സമ്പ്രദായം അടക്കമുള്ള മെഡിക്കൽ കോളേജ് അതിവേഗം പൂർത്തിയാക്കും
- വയനാട്ടിൽ ആദിവാസികൾക്കായി യൂണിവേഴ്സിറ്റിഅട്ടപ്പാടി കേന്ദ്രഭരണ പ്രദേശമാക്കും.
- പോസ്കോ കുറ്റം ചുമത്തി ജയിലിൽ കഴിയുന്ന ആദിവാസികളെ മോചിതരാക്കും.
- ആദിവാസി യുവ വ്യവസായ സംരംഭകർക്ക് ജാമ്യ രഹിത വായ്പ അനുവദിക്കും
- ആദിവാസി ജനതക്ക് അവർ ജീവിക്കുന്ന ഇടങ്ങളിലെ (വനപ്രദേശങ്ങളിലെ) പ്രകൃതി വിഭവങ്ങളിലെ ഉടമസ്ഥാവകാശം/ പങ്കാളിത്തം ഉറപ്പുവരുത്തും

# സാമൂഹിക സുരക്ഷ – വയോജന സംരക്ഷണം

### ക്ഷേമ പെൻഷനുകൾ 2000 രൂപ

- എല്ലാ ക്ഷേമ പെൻഷനുകളും മിനിമം 2000 രൂപയാക്കി വർദ്ധിപ്പിക്കും.
- ഒറ്റപ്പെട്ടവർക്കും വൃദ്ധജനങ്ങൾക്കും പകൽ സമയത്ത് വന്നിരിക്കുവാനും വിശ്രമിക്കാനുമുള്ള ശാന്തമായ ഒരു സ്ഥലം, കൗൺസിലിംഗ്, ചികിത്സാ-ഭക്ഷണ സൗകര്യങ്ങൾ, സൗഹൃദ കൂട്ടായ്മകൾ, വിനോദ പരിപാടികൾ, യോഗ-ധ്യാന പരിശീലനം എന്നീ സൗകര്യങ്ങളുള്ള വയോ സുരക്ഷാ കേന്ദ്രങ്ങൾ എല്ലാ നഗരങ്ങളിലും സ്ഥാപിക്കും.
- കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടിയുള്ള എല്ലാ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കും.
- കുട്ടികൾക്ക് നേരെയുള്ള പീഢനങ്ങളും ലൈംഗികാതിക്രമങ്ങളും ഇല്ലായ്മ ചെയ്യുവാനുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കും.
- മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെയും, മക്കളില്ലാത്ത വയോജനങ്ങളുടെയും സംരക്ഷണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കും.

  ഭിന്നശേഷി വിഭാഗങ്ങളെ സമൂഹത്തിൽ ഏറ്റവും പരിഗണന കിട്ടേണ്ട വിഭാഗമായി പരിഗണിച്ച് അവരുടെ സമ്പൂർണ്ണവും സമഗ്രവുമായ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി ഒരു സമഗ്ര കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കും



# വിദ്യാഭ്യാസം – എ.പി.ജെ. അബ്ദുൾകലാം സ്റ്റുഡൻസ് വെൽഫെയർ പ്രോഗ്രാം

**ശരിയായ വിദ്യാഭ്യാസം വ്യക്തിത്വ വികസനത്തിന്റെ അടിത്തറയും മാതൃക വിദ്യാർത്ഥികൾ സാമൂഹിക പുരോഗതിയുടെ നെടുംതൂണുമാണ്. കേരളത്തെ രാജ്യത്തിന്റെ വിദ്യാഭ്യാസ ഗവേഷണ തലസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി എ.പി.ജെ. അബ്ദുൾകലാം സ്റ്റുഡൻസ് വെൽഫെയർ പ്രോഗ്രാം എന്ന പേരിൽ ദീർഘ വീക്ഷണത്തോടെയുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യും.**

## 1. പാഠ്യപദ്ധതി പരിഷ്കരണം:–

പാഠ്യ പദ്ധതി പൂർണ്ണമായും പരിഷ്കരിച്ച് വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ വീണ്ടും കേരളത്തെ ഒന്നാമതെത്തിക്കും. ഓരോ വിദ്യാർത്ഥികളുടേയും അഭിരുചി തിരിച്ചറിഞ്ഞ് അതിനനുസരിച്ചുള്ള ഉപരിപഠന മേഖലകൾ തെരഞ്ഞെടുക്കുവാനുള്ള പരിശീലനം നൽകുമെന്നതായിരിക്കും ഈ പാഠ്യപദ്ധതിയുടെ പ്രധാന സവിശേഷത. രക്ഷിതാക്കളേയും ഈ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമാക്കി രണ്ടാഴ്ച കൂടുമ്പോൾ അവർക്ക് സ്കൂളിൽവച്ച് പരിശീലനവും ബോധവൽക്കരണവും നൽകും.

### യോഗ പാഠ്യപദ്ധതിയുടെ ഭാഗമാക്കും:

15 വയസ്സിനു താഴെയുള്ള ആൾകുട്ടികളുടേയും പെൺകുട്ടികളുടേയും മാനസിക-ശാരീരിക ആരോഗ്യം മുൻനിർത്തി യോഗ പഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കും.

### സംസ്കൃത അദ്ധ്യാപകർ:

എൽ.പി. തലം മുതൽ എല്ലാ സ്കൂളുകളിലും സംസ്കൃത അദ്ധ്യാപകരെ നിയമിക്കും.

## 2. അടിസ്ഥാന സൗകര്യ വികസനം:–

അഞ്ചുവർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ സർക്കാർ സ്കൂളുകളേയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾക്ക് അതീവ പ്രാധാന്യം നൽകും.

### ക്ലീൻ ടോയ്ലറ്റ്:

എല്ലാ സർക്കാർ സ്കൂളുകളിലും അത്യാധുനിക രീതിയിലുള്ള ശുചിമുറികൾ സ്ഥാപിക്കും. മികച്ച പരിപാലനം ഉറപ്പുവരുത്തുവാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാസംതോറും ഇൻസ്പെക്ഷൻ.

### ലൈബ്രറി നവീകരണം:

സ്കൂൾ ലൈബ്രറി നവീകരണത്തിന് അതീവ പ്രാധാന്യം നൽകും. ഹൈസ്കൂൾ - ഹയർ സെക്കണ്ടറി തലത്തിൽ ഏറ്റവും കുറഞ്ഞത് 20000 പുസ്തകങ്ങളും യു.പി. തലത്തിൽ 10000 പുസ്തകങ്ങളും, എൽ.പി തലത്തിൽ 5000 പുസ്തകങ്ങളും ഉൾപ്പെടുത്തി ലൈബ്രറികൾ നവീകരിക്കും. മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം നിർബന്ധമാക്കും.

### ഗേൾസ് റൂം:

എട്ടാം ക്ലാസ് മുതൽ എല്ലാ സ്കൂളുകളിലും പെൺകുട്ടികൾക്കായി ഗേൾസ് റൂം നിർബന്ധമാക്കും.

## 3. ഉന്നത വിദ്യാഭ്യാസം:-

കോളേജ് വിദ്യാഭ്യാസത്തിൽ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുകയും വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും ചെയ്യും. സാമൂഹ്യ ശാസ്ത്ര പഠന വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകും.

### എഞ്ചിനീയറിംഗ് അദ്ധ്യാപകർക്ക് ഗേറ്റ് സ്കോർ

എൻജിനീയറിംഗ് വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കും. എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർക്ക് ഗേറ്റ് സ്കോർ നിർബന്ധമാക്കും.

### കോളേജുകളിൽ ഹൈസ്പീഡ് വൈഫൈ ഇന്റർനെറ്റ്

കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുമായി സഹകരിച്ച് എല്ലാ കോളേജുകളിലും ഹൈസ്പീഡ് വൈഫൈ ഇന്റർനെറ്റ് സൗകര്യം ഒരുക്കും.

### ലാപ്ടോപ് വാങ്ങാൻ 30,000 രൂപ ധനസഹായം

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുവാൻ 30000 രൂപ ധനസഹായം.

## 4. സർവ്വകലാശാലകൾ:-

കേരളത്തെ അഞ്ചു വർഷത്തിനുള്ളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള റിസർച്ച് & ഡെവലപ്മെന്റ് ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി സർവ്വകലാശാലകളെ അന്താരാഷ്ട്ര നിലവാരത്തിൽ പുനഃസംഘടിപ്പിക്കും. മികച്ച നിലവാരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടക്കുവാൻ വേണ്ട എല്ലാവിധ സൗകര്യങ്ങളും ഒരുക്കും.

### അദ്ധ്യാപക സർവ്വകലാശാല

കേരളത്തിലൊരു അദ്ധ്യാപക സർവ്വകലാശാല സ്ഥാപിക്കും. ഇതുവഴി അദ്ധ്യാപന നിലവാരം ഉയർത്തുവാൻ സാധിക്കും.

### സാംസ്കാരിക സർവ്വകലാശാല

കേരളത്തിലെ അനുഷ്ഠാന കലകൾ, ക്ഷേത്ര കലകൾ, വാദ്യ കലകൾ, സംഗീതം, നൃത്തകല, ഫൈൻ ആർട്സ് എന്നിവയുടെ സമഗ്ര ഗവേഷണത്തിനും വികസനത്തിനുമായി കേരള കലാമണ്ഡലത്തെ സാംസ്കാരിക സർവ്വകലാശാല (കൾച്ചറൽ യൂണിവേഴ്സിറ്റി) ആയി ഉയർത്തും.

## 5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം:-

ടെക്നിക്കൽ സ്കൂളുകൾ, ഐ.റ്റി.ഐ, വി.എച്ച്.എസ്.സി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തും. ഇവയിൽ പുതിയ കോഴ്സുകൾ ആരംഭിക്കും.

## 6. പലിശരഹിത വിദ്യാഭ്യാസ വായ്പ

വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് പലിശ രഹിത വിദ്യാഭ്യാസ വായ്പ പദ്ധതി നടപ്പിലാക്കും. നിലവിൽ 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ വിദ്യാഭ്യാസ വായ്പാ കുടിശ്ശിക സർക്കാർ ഏറ്റെടുക്കും.



# ആരോഗ്യ മേഖല

**നിലവിൽ ഇന്ത്യയിൽ ഏറ്റവും ഉയർന്ന ആരോഗ്യ ചിലവുള്ള സംസ്ഥാനം കേരളമാണ്. കുറഞ്ഞ നിരക്കിൽ മികച്ച ചികിത്സാ സേവനം ലഭ്യമാകുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് എൻ.ഡി.എ സർക്കാരിന്റെ ലക്ഷ്യം.**

## 1000 ജൻ ഔഷധി സ്റ്റോറുകൾ:

- കേന്ദ്ര ഗവൺമെന്റിന്റെ ജൻ ഔഷധി പദ്ധതിയുമായി സഹകരിച്ച് 5 വർഷത്തിനുള്ളിൽ കുറഞ്ഞ വിലയിൽ മരുന്നുകൾ ലഭ്യമാകുന്ന 1000 ജൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കും.
- 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് രണ്ട് മാസത്തിലൊരിക്കൽ സൗജന്യ മെഡിക്കൽ ചെക്കപ്പുകൾ. ഇവർക്ക് ക്യാൻസർ മരുന്നുകളും, ഡയാലിസിസും സൗജന്യം.
- മാരക രോഗികൾക്ക് ചികിത്സാ സൗകര്യാർത്ഥമുള്ള യാത്രകളുടെ പണം സർക്കാർ നൽകും.

## ആരോഗ്യ ഇൻഷ്വറൻസ്:

- കേന്ദ്രസർക്കാരുമായി സഹകരിച്ച് വർഷം 100 രൂപ പ്രീമിയം തുകയിൽ 2 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് രൂപം നൽകും. കേരളത്തിലെ മുഴുവൻ ജനങ്ങളേയും 2 വർഷത്തിനുള്ളിൽ ഈ പദ്ധതിക്ക് കീഴിൽ കൊണ്ട് വരും.
- ഭക്ഷണ വസ്തുക്കളിൽ മായം കലർത്തുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും.

## അടിസ്ഥാന സൗകര്യ വികസനം:

- രോഗി-ഡോക്ടർ, രോഗി-നഴ്സ് അനുപാതം ലോക ആരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാക്കും.
- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലേയും സർക്കാർ ആശുപത്രികളിലേയും മുഴുവൻ അടിസ്ഥാന സൗകര്യമില്ലായ്മയും 1 വർഷത്തിനുള്ളിൽ പരിഹരിക്കും. താലൂക്കാശുപത്രികളിലേയും ജില്ലാ ആശുപത്രികളിലേയും ബെഡുകളുടെ എണ്ണം യഥാക്രമം 250ഉം 500മായി ഉയർത്തും.
- വാഹനാപകങ്ങളിൽ പരിക്ക് പറ്റുന്നവർക്ക് അടിയന്തിര ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനായി എല്ലാ താലൂക്ക് ആശുപത്രികളിലും ട്രോമാ കെയർ സംവിധാനം ലഭ്യമാക്കും.

- ആവശ്യത്തിനുള്ള മെഡിക്കൽ ഓഫീസർമാരുടേയും പാരാ മെഡിക്കൽ സ്റ്റാഫുകളുടേയും സേവനം ഉറപ്പുവരുത്തും.
- എല്ലാ താലൂക്ക് ആശുപത്രികളിലും ജറിയാട്രിക്, പാലിയേറ്റീവ് കെയർ വാർഡുകൾ തുടങ്ങും.
- നഴ്സുമാരുടെ മിനിമം വേതനം 20,000 രൂപയായി വർദ്ധിപ്പിക്കും ഹൗസ് സർജൻസി ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ന്യായമായ സ്റ്റൈപന്റ് ഉറപ്പുവരുത്തും.

### ആയുർവേദം, ഹോമിയോ:

- ആയുർവേദ ഔഷധ നിർമ്മാണ രംഗത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തും. സംസ്ഥാന ആയുർവേദ സസ്യ ബോർഡ് രൂപീകരിക്കും.

  ആയുർവ്വേദ സർവ്വകലാശാല

  കോട്ടക്കലിൽ ആയുർവേദ സർവ്വകലാശാലയും, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗവേഷണകേന്ദ്രവും സ്ഥാപിക്കും. കേരളത്തിൽ ദേശീയ ആയുർവേദ ഇൻസ്റ്റിസ്റ്റ്യൂട്ടുകൾ സ്ഥാപിക്കും.

- പ്രധാനപ്പെട്ട എല്ലാ ആയുർവേദ ആശുപത്രികളെയും ചേർത്ത് കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ സഹകരണത്തോടെ ഒരു ആയുർവേദ ചികിത്സാ പാക്കേജ് നടപ്പിലാക്കും.
- രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഹോമിയോപ്പതിയുടെ വിശാലമായ സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തും.
- കളരി, മർമ്മ, സിദ്ധ വൈദ്യത്തിന് അന്താരാഷ്ട്ര തലത്തിൽ പ്രചാരം കൊടുക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.

### മദ്യം, മയക്കുമരുന്ന്

- സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന് ഉപയോഗം നിയന്ത്രിക്കാനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.
- സംസ്ഥാന വ്യാപകമായി മദ്യത്തിനും മയക്കുമരുന്നിനുമെതിരായ ബോധവത്കരണ പരിപാടികൾ സ്കൂൾതലം മുതൽ സംഘടിപ്പിക്കും.
- സ്കൂൾ, കോളേജ് കേന്ദ്രീകരിച്ചുള്ള കഞ്ചാവ്, മയക്കുമരുന്ന് മാഫിയകളെ പൂർണ്ണമായും തുടച്ചുനീക്കും.
- ഘട്ടം ഘട്ടമായി മദ്യ നിരോധനത്തിനുള്ള നടപടികൾ സ്വീകരിക്കും. ഇതിന്റെ ആദ്യപടിയെന്നോണം ബിവറേജസ് ഔട്ട്ലറ്റുകൾ വഴി ലഭ്യമാക്കുന്ന മദ്യത്തിന്റെ അളവ് 250 മില്ലിലിറ്ററാക്കി കുറക്കും. ശേഷം ഘട്ടം ഘട്ടമായി മദ്യത്തിന്റെ അളവ് കുറച്ചുവരുകയും ബീവറേജസ് ഔട്ട്ലെറ്റുകൾ പൂട്ടുകയും ചെയ്യും. യാതൊരു കാരണവശാലും പുതിയ ബാറുകൾക്ക് അനുമതി നൽകുകയുമില്ല. ഇത്തരത്തിലൊരു ശാസ്ത്രീയമായ സമീപനമാണ് ഈ വിഷയത്തിൽ എൻ.ഡി.എ സ്വീകരിക്കുന്നത്.

### കേരളത്തിൽ എയിംസ്

- കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി ഒരു വർഷത്തിനുള്ളിൽ തന്നെ കേരളത്തിൽ എയിംസ് (AIIMS) സ്ഥാപിക്കും

# ഗതാഗതം

**ഗതാഗത സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുക, യാത്ര സമയം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി സൗഹൃദവും ചിലവുകുറഞ്ഞതുമായ ഗതാഗത സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.**

## റോഡ് ഗതാഗതം:

- 600 കിലോമീറ്റർ സംസ്ഥാന പാതയെ ദേശീയപാതാ നിലവാരത്തിലേക്കുയർത്തും.
- കാലങ്ങളായി മുടങ്ങിക്കിടക്കുന്ന ബൈപാസ്-മേൽപ്പാല പദ്ധതികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കും.
- സംസ്ഥാനത്തെ മുഴുവൻ ദേശീയപാതയേയും രണ്ടു വർഷത്തിനുള്ളിൽ ആറ് വരിപ്പാതയാക്കി മാറ്റും.
- പഞ്ചായത്ത് റോഡ് പദ്ധതികളിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം പ്രോത്സാഹിപ്പിക്കും.
- ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി സുപ്രീംകോടതിവരെ പ്രശംസിച്ച ഗുജറാത്ത് മോഡൽ ഭൂമിയേറ്റെടുക്കൽ നയം സ്വീകരിക്കും.
- മൈസൂർ- സുൽത്താൻബത്തേരി രാത്രിയാത്രാ നിരോധന വിഷയത്തിൽ കേന്ദ്ര സർക്കാരിനേയും ഉൾപ്പെടുത്തി കർണ്ണാടക സർക്കാരുമായി ചർച്ചകൾ നടത്തി ശാശ്വത പരിഹാരം കാണ്ടെത്തും.

## ഉൾനാടൻ ജലഗതാഗതം:

- ഉൾനാടൻ ജലഗതാഗതത്തെ അതീവ പ്രാധാന്യത്തോടുകൂടി വികസിപ്പിക്കാനായി 3000 കോടിരൂപയുടെ പാക്കേജ്.
- വടക്ക് ഹോസ്ദുർഗ് മുതൽ തെക്ക് പൂവാർ വരെ 560 കിലോമീറ്റർ ദൈർഘ്യത്തിൽ വെസ്റ്റ്കോസ്റ്റ് കനാലിന്റെ പണി 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കും. ഇതുവഴി അതിവേഗ ഫെറി സർവ്വീസ് ആരംഭിക്കും.
- അഞ്ചുവർഷത്തിനുള്ളിൽ ഉൾനാടൻ ജലപാത വഴിയുള്ള ചരക്കുനീക്കം 15 ശതമാനമായി ഉയർത്തും.

## റെയിൽ ഗതാഗതം:

- ഒരു വർഷത്തിനുള്ളിൽ പാത ഇരട്ടിപ്പിക്കലും വൈദ്യുതീകരണവും പൂർത്തീകരിക്കും.
- കൊച്ചി മെട്രോ, തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.
- ശബരി പാത, നിലമ്പൂർ-നഞ്ചൻകോട് പാത, തലശ്ശേരി-മൈസൂർ പാത, എരുമേലി-പുനലൂർ-ചെങ്കോട്ട പാത, ഗുരുവായൂർ-തിരുനാവായ പാത എന്നിവ അതിവേഗം നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കും.

## അതിവേഗ റെയിൽപ്പാത:

- റെയിൽവേയുമായി സഹകരിച്ച് കൊങ്കൺ മാതൃകയിൽ റെയിൽ കോർപ്പറേഷൻ രൂപീകരിച്ച് 560 കിലോമീറ്റർ നീളത്തിൽ 7 വർഷത്തിനുള്ളിൽ കേരളത്തിൽ അതിവേഗ റെയിൽപാത നടപ്പിലാക്കും.
- കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് രണ്ടര മണിക്കൂറിനുള്ളിൽ എത്താൻ സാധിക്കും.
- പദ്ധതിക്കാവശ്യമായ 80 ശതമാനം തുക മുംബൈ-അഹമ്മദാബാദ് മാതൃകയിൽ ജപ്പാൻ വായ്പയിലൂടെ കണ്ടെത്തും.
- 15 ശതമാനം തുക കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടായി ലഭ്യമാക്കും.
- ശേഷിക്കുന്ന 5 ശതമാനം തുക സിയാൽ മാതൃകയിൽ ഓഹരികളായി സ്വരൂപിക്കും.



# ഊർജ്ജം – വൈദ്യുതി

**5 വർഷത്തിനുള്ളിൽ കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.**

### സമ്പൂർണ്ണ വൈദ്യുതീകരണം

വൈദ്യുതിയില്ലാത്ത മുഴുവൻ വീടുകളിലും സർക്കാർ അധികാരമേറ്റ് 6 മാസത്തിനുള്ളിൽ വൈദ്യുതി.

### 3,000 മെഗാവാട്ട് സോളാർ വൈദ്യുതി

- 5 വർഷത്തിനുള്ളിൽ 3000 മെഗാവാട്ട് സോളാർ വൈദ്യുതി ഉത്പാദിപ്പിക്കും
- കേരളത്തിൽ 5 സ്ഥലങ്ങളിൽ മെഗാ സോളാർ പാർക്കുകൾ സ്ഥാപിക്കും

10 ലക്ഷം റൂഫ്ടോപ്പ് സോളാർ പാനലുകൾ

- വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവടങ്ങളിലായി സർക്കാർ സബ്സിഡിയോടുകൂടി 10 ലക്ഷം റൂഫ്ടോപ്പ് സോളാർ പാനലുകൾ സ്ഥാപിക്കും

### കൃഷിയ്ക്ക് സൗജന്യ വൈദ്യുതി

- 5 ഹെക്ടറിൽ താഴെയുള്ള കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യം.
- 5 ഹെക്ടറിന് മുകളിലുള്ള കാർഷിക ആവശ്യങ്ങൾക്ക് സൗജന്യ വിലയിൽ വൈദ്യുതി.

### 1 കോടി എൽ.ഇ.ഡി ബൾബുകൾ

- കേന്ദ്ര സർക്കാരുമായി സഹകരിച്ച് കേരളത്തിൽ എല്ലാ വീടുകളിലും സബ്സിഡിയോടുകൂടി 2 എൽഇഡി ബൾബുകൾ വീതം വിതരണം ചെയ്യും. ഇത്തരത്തിൽ ഒരു കോടി ബൾബുകൾ വിതരണം ചെയ്യും.

# പൊതുവിതരണം

കേരളത്തിലെ പൊതുവിതരണ സമ്പ്രദായം കുറ്റമറ്റ രീതിയിൽ നടപ്പലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും.

- കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും 6 മാസത്തിനുള്ളിൽ റേഷൻ കാർഡുകൾ ലഭ്യമാക്കും.
- മുഴുവൻ ബിപിഎൽ കുടുംബങ്ങൾക്കും സൗജന്യമായും, എപിഎൽ വിഭാഗക്കാർക്ക് 5 രൂപ നിരക്കിലും അരി വിതരണം ചെയ്യും
- സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കും.
- റേഷൻ കടകളെ മികച്ച രീതിയിൽ ആധുനികവൽക്കരിക്കും.
- കൂടുതൽ ന്യായവില സ്റ്റോറുകളും, മാവേലി സ്റ്റോറുകളും ആരംഭിക്കും.
- ആരാധനാലയങ്ങൾ, സന്നദ്ധസേവാ സംഘടനകൾ, ആശ്രമങ്ങൾ എന്നിവയുടെ സഹകരണത്തോടെ എല്ലാ നഗരങ്ങളിലും സൗജന്യമായി ഭക്ഷണം നൽകുവാനുള്ള പദ്ധതി ആവിഷ്കരിക്കും.



# പരിസ്ഥിതി

**കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ കാർബൺ രഹിത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തി താഴെപ്പറയുന്ന പാരിസ്ഥിതിക സംരക്ഷണ പദ്ധതികൾ നടപ്പാക്കും.**

### പരിസ്ഥിതി ധവളപത്രം:

- സർക്കാർ അധികാരമേറ്റ് 3 മാസത്തിനുള്ളിൽ പരിസ്ഥിതിയുടെ ഇന്നത്തെ അവസ്ഥയെ പ്പറ്റി ധവളപത്രം ഇറക്കും. മുൻ സർക്കാരുകളുടെ പരിസ്ഥിതി വിരുദ്ധമായ എല്ലാ ഉത്തര വുകളും പുന:പരിശോധിക്കുകയും വേണ്ടിവന്നാൽ റദ്ദാക്കുകയും ചെയ്യും.
- കേരളത്തിലെ മുഴുവൻ പാറമടകളെക്കുറിച്ചും അന്വേഷണം നടത്തുകയും മാനദണ്ഡ ങ്ങൾ ലംഘിച്ച് പ്രവർത്തിക്കുന്ന പാറമടകളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്യും.

### അഞ്ചുകോടി മരങ്ങൾ:

5 വർഷംകൊണ്ട് 5 കോടി മരങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കും. സന്നദ്ധ സംഘടനകൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, യൂത്ത് ക്ലബുകൾ, അയൽകൂട്ടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ഇതൊരു ജനകീയ സംരംഭ മായി മാറ്റും. ഈ പദ്ധതിയുടെ നടത്തിപ്പിനായി പ്രത്യേക വകുപ്പ്തന്നെ രൂപീകരിക്കും.

### നദീതട വികസന അതോറിട്ടി:

- കേരളത്തിലെ 44 നദികളുടേയും സംരക്ഷണത്തിനായി നദീതട വികസന അതോരിറ്റി രൂപീകരിക്കും.

### നീർത്തട സംരക്ഷണം:

- സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളിലും തണ്ണീർത്തടങ്ങളുടെ (കുളങ്ങൾ, തോട്, കനാൽ, അരുവി, പുഴ) ഡാറ്റാ ബെയ്സ് തയ്യാറാക്കും. ഇവയുടെ ആഴം, വ്യാപ്തി, ജൈവ വൈവിധ്യം എന്നിവ പ്രത്യേകം പ്രതിപാദിച്ചിരിക്കും. ഇവയുടെ പരിപാലന ഉത്തരവാദിത്വം പഞ്ചായത്തിൽ അധിഷ്ഠിതമായിരിക്കും.
- തണ്ണീർത്തട പുനരുദ്ധാരണത്തിനായി പ്രത്യേക മിഷനെ നിയമിക്കുകയും കേരളത്തിലെ ഓരോ കുളവും, അരുവിയും, കനാലും, പുഴയും രണ്ട് വർഷംകൊണ്ട് പുനരുദ്ധരിക്കു കയും ചെയ്യും.
- കേരളത്തിലെ മുഴുവൻ കാവുകളുടേയും സംരക്ഷണത്തിനായി പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കും.

### പരിസ്ഥിതി സംരക്ഷണം പാഠ്യവിഷയം:

- പ്രകൃതി സംരക്ഷണം ബിരുദതലം വരെ നിർബന്ധിത പഠനവിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും. കേവലം ക്ലാസ് മുറികളിൽ ഒതുക്കാതെ പാരിസ്ഥിതിയെ തൊട്ടറിഞ്ഞു കൊണ്ടുള്ള പഠന രീതിയായിരിക്കും ഈ വിഷയത്തിൽ അവലംബിക്കുക.
- വനേതര പ്രദേശങ്ങളിലുള്ള കുന്നുകൾ സംരക്ഷിക്കാൻ വേണ്ട ഒരു നിയമം ആറു മാസ ത്തിനകം യാഥാർത്ഥ്യമാക്കും.
- 2008ന് ശേഷം നികത്തിയ നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും തിരിച്ചുപിടിക്കുകയും പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്യും.
- ഓരോ പഞ്ചായത്തിലും പ്രകൃതി സംരക്ഷണത്തിന് വേണ്ടി യുവകർമ്മ സേനകൾ രൂപീക രിക്കും.

# ടൂറിസം

### ടൂറിസം വരുമാനം 60,000 കോടി

- 5 വർഷത്തിനുള്ളിൽ ടൂറിസം വരുമാനം 60,000 കോടി രൂപയാക്കി ഉയർത്തും.
- മുഴുവൻ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ഒരുക്കും.

### തീർത്ഥാടന ടൂറിസം സർക്യൂട്ട്

- കേന്ദ്ര സർക്കാരിന്റെ ഹെറിറ്റേജ് ടൂറിസം പദ്ധതിയുമായി സഹകരിച്ച് കേരളത്തിലെ മുഴുവൻ ആരാധനാലയങ്ങളേയും ഉൾപ്പെടുത്തി ഒരു തീർത്ഥാടന സർക്യൂട്ടിന് രൂപം നൽകും.

### മെഡിക്കൽ ടൂറിസം സർക്കിൾ

- മെഡിക്കൽ ടൂറിസം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി പ്രധാനപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികളെ ചേർത്ത് മെഡിക്കൽ ടൂറിസം സർക്കിൾ തയ്യാറാക്കും.

### ലിങ്ക് ബസ് സർവ്വീസ്

- പ്രധാനപ്പെട്ട ടൂറിസ്റ്റ് ജില്ലകളിൽ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി എ.സി. ലോ ഫ്ളോർ ലിങ്ക് ബസ് സർവ്വീസുകൾ ആരംഭിക്കും.

# നഗരവികസനം

### 50 മാതൃകാ നഗരങ്ങൾ:

- ദേശീയ പദ്ധതികളിൽപ്പെടാത്ത സംസ്ഥാനത്തെ 50 നഗരങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കും. ഇവയെ മാതൃകാ നഗരങ്ങളായി വികസിപ്പിക്കും.

### ചേരി നിർമ്മാർജ്ജനം:

- ചേരി നിർമ്മാർജ്ജനം മുഖ്യ ലക്ഷ്യമായി ക് ചേരി നിവാസികളുടെ ഉന്നമനത്തിനായി കേന്ദ്ര സഹായത്തോടെ ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കും.
- ചേരികളിൽ രണ്ട് വർഷത്തിനുള്ളിൽ ആധുനിക സൗകര്യത്തോടുകൂടിയ 1000 ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കും.
- ചേരി നിവാസികളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ 1 ശതമാനം പലിശ നിരക്കിൽ 25 ലക്ഷം രൂപവരെ വായ്പ.

### അടിസ്ഥാന സൗകര്യ വികസനം:

- ഡ്രെയിനേജ് സംവിധാനങ്ങൾ പൂർണ്ണമായി അത്യാധുനിക രീതിയിൽ പുനസംഘടിപ്പിക്കും.
- നഗരങ്ങളിലെ തിരക്കും ഗതാഗതക്കുരുക്കും ഒഴിവാക്കുവാനായി നഗരങ്ങളുടെ മാസ്റ്റർ പദ്ധതികൾ നടപ്പിലാക്കും.
- സ്ട്രീറ്റ് ലൈറ്റ് സംവിധാനം പൂർണ്ണമായും സോളാർ-എൽഇഡി സംവിധാനത്തിലേയ്ക്ക് മാറ്റും.

### ഹൈസ്പീഡ് ഇന്റർനെറ്റ് വൈഫൈ

- എല്ലാ നഗരസഭകളിലും സൗജന്യവൈഫൈ സൗകര്യം ഏർപ്പെടുത്തും.

# മാലിന്യനിർമ്മാർജ്ജനം

- മാലിന്യ നിർമ്മാർജ്ജനത്തിന് ഉറവിട മാലിന്യ സംസ്കരണ പദ്ധതി വ്യാപകമാക്കും.
- എയ്റോബിക് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡിയും പ്രോത്സാഹനവും വർദ്ധിപ്പിക്കും.
- മാലിന്യങ്ങളിൽനിന്ന് ദിവസേന 1000 ടൺ ജൈവവളം ഉൽപ്പാദിപ്പിക്കുക എന്നുള്ള ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.
- നഗരങ്ങളിലും ജംഗ്ഷനിലും വേസ്റ്റ്ബിന്നുകൾ വ്യാപകമാക്കും.
- പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിന് കുടുംബശ്രീകളുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യും.

# കലാ–സാംസ്കാരികം, സിനിമ

- മലയാള സിനിമയുടെ സമഗ്ര വികസനത്തിനായി അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കും.
- കൈരളി-ശ്രീ മാതൃകയിൽ എല്ലാ ജില്ലകളിലും മൾട്ടിപ്ലക്സ് തീയേറ്ററുകൾ സ്ഥാപിക്കും. കലാമൂല്യമുള്ള ചിത്രങ്ങളുടെ പ്രദർശനത്തിന് മുൻഗണന നൽകും.
- സിനിമാ നിർമ്മാണത്തിനുള്ള സബ്സിഡി 10 ലക്ഷം രൂപയായി ഉയർത്തും.
- അന്താരാഷ്ട്ര ചലിച്ചോത്രാത്സവത്തിന് സ്ഥിരം വേദി ഒരുക്കുന്നതിന്റെ ഭാഗമായി ഗോവ മാതൃകയിൽ തിരുവനന്തപുരത്ത് തീയേറ്റർ കോംപ്ലക്സ് നിർമ്മിക്കും.
- കേരളത്തിലെ അനുഷ്ഠാന കലകൾ, ക്ഷേത്ര കലകൾ, വാദ്യ കലകൾ, സംഗീതം, നൃത്തകല, ഫൈൻ ആർട്സ് എന്നിവയുടെ സമഗ്ര ഗവേഷണത്തിനും വികസനത്തിനുമായി കേരള കലാമണ്ഡലത്തെ സാംസ്കാരിക സർവ്വകലാശാല (കൾച്ചറൽ യൂണിവേഴ്സിറ്റി) ആയി ഉയർത്തും.
- സാഹിത്യ അക്കാദമി, ഫോക്‌ലോർ അക്കാദമി എന്നിവ മികച്ച രീതിയിൽ പുന സംഘടിപ്പിക്കും.
- അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ മാതൃകയിൽ എല്ലാ വർഷവും അന്താരാഷ്ട്ര സംഗീത, നാടക, പുസ്തകോത്സങ്ങൾ സംഘടിപ്പിക്കും.

# ക്ഷേത്രങ്ങൾ

- വിശ്വാസികളേയും ഹിന്ദു സംഘടനകളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള രീതിയിൽ ക്ഷേത്ര ഭരണ സംവിധാനം പുനസംഘടിപ്പിക്കും.
- ജീർണ്ണാവസ്ഥയിലുള്ള മുഴുവൻ ക്ഷേത്രങ്ങളുടെയും പുനരുജ്ജീവനത്തിനും നവീകരണ ത്തിനുമായി പ്രത്യേക പാക്കേജ് നടപ്പിലാക്കും.
- ക്ഷേത്രം ശാന്തി, മറ്റു ജീവനക്കാർക്ക് മാന്യമായ വേതനവും, സംരക്ഷണവും ഉറപ്പുവരുത്തും.
- ജാതി ഭേദമന്യേ മുഴുവൻ ആളുകൾക്കും വേദ പഠനം ലഭ്യമാക്കുന്ന രീതിയിൽ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെല്ലാം വേദപഠനകേന്ദ്രങ്ങൾ സ്ഥാപിക്കും.
- ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ സ്വീകരി ക്കും.
- ക്ഷേത്രഭരണത്തെപ്പറ്റിയുള്ള ജസ്റ്റീസ് കെ. പി. ശങ്കരനാരായണൻ റിപ്പോർട്ട് നടപ്പിലാക്കും.

# ക്രമസമാധാനം / ആഭ്യന്തര സുരക്ഷ

- പോലീസ് സംവിധാനത്തിൽ ക്രമസമാധാന വിഭാഗവും കുറ്റാന്വേഷണ വിഭാഗവും വേർതിരി ക്കും. ഇതുവഴി പോലീസ് സംവിധാനത്തിൽ കാര്യക്ഷമത ഉറപ്പുവരുത്താനാകും.
- കള്ളക്കടത്ത്, തീവ്രവാദം എന്നീ വിഷയങ്ങളിൽ കർശന നടപടി സ്വീകരിക്കും.
- ക്വട്ടേഷൻ, ഗുണ്ടാ സംഘങ്ങളെ പൂർണ്ണമായും ഇല്ലാതാക്കും.
- 24 മണിക്കൂർ അഴിമതി വിരുദ്ധ ഹെൽപ് ലൈൻ.
- ഈ ഹെൽപ് ലൈനിൽ നൽകുന്ന പരാതികൾ വെബ്സൈറ്റിൽ രേഖപ്പെടുത്തുകയും പരാതി യിന്മേൽ സ്വീകരിച്ച നടപടികൾ പൊതുജനങ്ങൾക്ക് പരിശോധിക്കാനും സാധിക്കും.
- മാറാട് കേസ് സിബിഐ പുനരന്വേഷണത്തിന് കൈമാറും.





# പ്രവാസിക്ഷേമം

- നോർക്കാ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കും.
- പ്രവാസികളുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും  അതിവേഗം പരിഹരിക്കുന്നതിനായി കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ ഒരു എമർജൻസി സെൽ നോർക്കയുമായി ബന്ധപ്പെടുത്തി രൂപീകരിക്കും
- പ്രവാസജീവിതം അവസാനിപ്പിച്ച് വരുന്നവർക്ക് സ്വയം തൊഴിൽ- വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കുറഞ്ഞ  പലിശ നിരക്കിൽ പ്രത്യേക വായ്പാ പദ്ധതികള് ആവിഷ്ക്കരിക്കും.

# മറ്റ് പദ്ധതികൾ

**പാചകവാതക പൈപ്പ് ലൈൻ**

ഗവൺമെന്റ് അധികാരമേറ്റ് 1 വർഷത്തിനുള്ളിൽതന്നെ പാചകവാതക പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കും.

**സാഗർമാല**

വിഴിഞ്ഞം, കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെകൂടാതെ മറ്റ് പ്രധാന ഇടത്തര തുറമുഖങ്ങളായ നീണ്ടകര, ആലപ്പുഴ എന്നിവയെയും കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

**പൊതുശ്മശാനം**

എല്ലാ പഞ്ചായത്തുകളിലും ശ്മശാന സൗകര്യം ലഭ്യമാക്കും

**മിനിമം ഗവൺമെന്റ് മാക്സിമം ഗവേർണൻസ്**

മിനിമം ഗവർമെന്റ് മാക്സിമം ഗവേർണൻസ് എന്ന ആശയം നടപ്പിലാക്കും. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം നാലായി കുറക്കും.

**വിമുക്തഭടൻമാർ**

വിമുക്തഭടന്മാർക്കായുള്ള ആർമി ക്യാന്റീനുകളിൽ വാറ്റ് (VAT) പൂർണ്ണമായും എടുത്തുകളയും

**വല്ലാർപാടം പദ്ധതി**

കൊച്ചിതുറമുഖം നേരിടുന്ന പ്രതിസന്ധികളും പോരായ്മകളും പരിഹരിച്ച് വല്ലാർപാടം പദ്ധതിയുൾപ്പെടെ ലാഭകരമാക്കി തീർക്കും

**തെരുവ് നായ ശല്യം**

തെരുവ് നായ ശല്യം പൂർണ്ണമായും ഇല്ലാതാക്കും.

പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ
സമഗ്ര ഉന്നമനത്തിന്,
കർഷകരുടെ സമ്പൂർണ്ണ വികസനത്തിന്,
പരിസ്ഥിതിയുടെ പുനസ്ഥാപനത്തിന്
യുവാക്കളുടെ ശോഭനമായ ഭാവിക്ക്,
കേരളത്തിന്റെ നല്ലൊരു നാളേയ്ക്ക്
എൻ.ഡി.എ സ്ഥാനാർത്ഥികളെ

# വിജയിപ്പിക്കുക



ബി.ജെ.പി. | ബി.ഡി.ജെ.എസ് | കേരള കോൺഗ്രസ് (പി. സി. തോമസ്)
ജനാധിപത്യ രാഷ്ട്രീയ സഭ | ജെ.എസ്.എസ്. (രാജൻബാബു),
എൽ. ജെ. പി. | കേരള വികാസ് കോൺഗ്രസ് | സോഷ്യലിസ്റ്റ് ജനതാദൾ
ആം ആദ്മി ഡെമോക്രാറ്റിക് മൂവ്മെന്റ് | നാഷണൽ കേരള കോൺഗ്രസ്

